# പരുമലതിരുമേനി

- ഫാ. ടി. ജെ. ജോഷ്വാ



മലങ്കര സഭയുടെ ആദ്യ പ്രഖ്യാപിച പരിശുദ്ധനാണ് പരുമല മാർ ഗ്രിഗോറിയോസ്. അദ്ദേഹത്തെ പരിശുദ്ധനായി പ്രഖ്യാപിച്ചത് 1947 നവംബർ രണ്ടാം തീയതി അദ്ദേഹത്തിന്റെ ഓർമ്മപ്പെരുന്നാൾ ദിവസമായിരുന്നു.
പരുമലത്തിരുമേനിയുടെ ശിഷ്യനായിരുന്ന ഗീവർഗീസ് ദ്വിതീയൻ കാതോലിക്കായുടെ അധ്യക്ഷതയിൽ ചേർന്ന സുന്നഹദോസ് അപ്രകാരം തീരുമാനിക്കുകയായിരുന്നു. അതിനു പ്രേരകമായി, പരുമലത്തിരുമേനി ജീവിച്ചിരുന്നപ്പോഴും, അദ്ദേഹത്തിന്റെ മരണാനന്തരവും അദ്ദേഹത്തിന്റെ മധ്യസ്ഥത മുഖാന്തരം സംഭവിച്ചിട്ടുള്ള നിരവധി അത്ഭുതകാര്യങ്ങൾ ചൂണ്ടിക്കാണിക്കാം.

പൗരസ്ത്യ ഓർത്തഡോക്സ് സഭാ പാരമ്പര്യത്തിൽ ഇപ്രകാരമുള്ള പ്രഖ്യാപനം ആദ്യ നൂറ്റാണ്ടുകളിൽ ഒന്നുമുണ്ടായിരുന്നില്ല. റോമൻ കത്തോലിക്കാ സഭയെ അനുകരിച്ച് റഷ്യൻ ഓർത്തഡോക്സ് സഭയിലാണ് പരിശുദ്ധരായി കാനോനീകരിക്കുന്ന (Canonization) പ്രക്രിയ ആരംഭിച്ചത്.

പുതിയ നിമയത്തിൽ 'ദൈവത്തിന്റെ പരിശുദ്ധൻ എന്ന യേശുക്രിസ്തുവിനെ (മർക്കോ: 1:24) വിശേഷിപ്പിച്ചിട്ടുണ്ട്. ദൈവത്തിനായി സമർപ്പിക്കപ്പെട്ടവർ എന്ന അർത്ഥത്തിൽ 'വിശുദ്ധൻമാർ എന്ന വിശേഷണം ക്രിസ്തീയ വിശ്വാസികൾക്ക് പൊതുവായി നൽകപ്പെട്ടു എന്നു പുതിയനിയമ പുസ്തകങ്ങൾ സാക്ഷിക്കുന്നു. ധാർമികമായി വിശുദ്ധി പ്രാപിച്ചവർ എന്നുള്ള അർത്ഥം ഇവിടെയില്ല. എന്നാൽ പിൽക്കാലത്ത് പീഡനത്തിൽ രക്തസാക്ഷികളാവാൻ ഇടയായിട്ടുള്ളവരെ, ആദരപൂർവ്വം അനുസ്മരിക്കപ്പെടുവാനും അവരുടെ തിരുശേഷിപ്പുകൾ വന്ദിക്കപ്പെടുവാനും തുടങ്ങി. ഇപ്രകാരം രണ്ടാം നൂറ്റാണ്ടിൽ അനുവർത്തിച്ചതായി ചരിത്രസാക്ഷ്യമുണ്ട്. പീഡനത്തിന്റെ കാലം കഴിഞ്ഞപ്പോൾ സത്യവിശ്വാസസ്ഥാനത്തിനുള്ള പോരാട്ടമായി. അതിനു നേതൃത്വം നൽകിയവർക്ക് പല തരത്തിലുള്ള യാതനകളും ക്ലേശങ്ങളും അനുഭവിക്കേണ്ടി വന്നു. അങ്ങനെയുള്ളവർ പ്രത്യേകം ആദരിക്കപ്പെടുവാനും അംഗീകരിക്കപ്പെടുവാനുമിടയായി. മരണാനന്തരവും അവർ ആദരപൂർവ്വം സ്മരിക്കപ്പെട്ടു. സഭ ദേശീയമതമായി അംഗീകരിക്കപ്പെട്ടതോടെ ഭൗതികത്വം സഭയിൽ വ്യാപകമായി. ഇത് അനേകരെ സന്യാസജീവിതത്തിലേക്കും ആശ്രമപ്രസ്ഥാനത്തിലേക്കും തിരിച്ചു വിട്ടു. അങ്ങനെ താപസജീവിതം തെരഞ്ഞെടുത്ത് കർശനമായ ആത്മശിക്ഷണത്തിനു വിധേയരായവർ കൂടുതൽ ആദരിക്കപ്പെടുവാനും ആകർഷിക്കപ്പെടുവാനുമിടയായി.

ഇങ്ങനെ സഭയിൽ പ്രത്യേകം അനുസ്മരിക്കപ്പെടുന്ന വ്യക്തികൾ ഉയർന്നു വന്നു. മരണാനന്തരവും അവരുടെ സ്മരണ നിലർത്തുകയും അവരുടെ തിരുശേഷിപ്പുകൾ സൂക്ഷിച്ച് അവയെ വണങ്ങുന്ന പതിവ് സാർവത്രികമായിത്തന്നെ നിലവിലുണ്ടാവുകയും ചെയ്തു. എന്നാൽ അവരെ 'പരിശുദ്ധൻ എന്ന പദവി നൽകി കാനോനീകരിക്കുന്ന പതിവ് ആദ്യം ഉണ്ടാകുന്നത് റോമൻ കത്തോലിക്കാ സഭയിലാണ്. ഇന്ന് അതിനുള്ള നടപടിക്രമങ്ങൾ അവിടെ ദീർഘവും വ്യാമിശ്രവുമാണെന്നു പറയാം. പരുമലത്തിരുമേനിയെ പരിശുദ്ധനെന്ന് കാനോനീകരിച്ച് പ്രഖ്യാപിക്കുന്നതിനുള്ള കാരണം ആ പിതാവിന്റെ ആത്മീയൗന്നത്യവും പ്രാർത്ഥനാസിദ്ധികളുമാണ്. അക്കാര്യങ്ങൾ നേരിൽക്കണ്ട് അനുഭവിച്ചറിഞ്ഞവരാണ് അദ്ദേഹത്തെ പരിശുദ്ധനെന്നു പ്രഖ്യാപിച്ചത്.

ഒന്നാമത് അദ്ദേഹം ഒരു പ്രാർത്ഥനാമനുഷ്യനായിരുന്നു. നോമ്പും ഉപവാസവുമായിരുന്നു ആ ജീവിതത്തിന്റെ മുഖമുദ്ര. ജഡാഭിലാങ്ങളെ നിഗ്രഹിച്ച് ആത്മീയശക്തി വർധിപ്പിക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചത് കഠിനമായ ഉപവാസത്തിന്റെയും നിഷ്ഠാപൂർവമായ പ്രാർത്ഥനയുടെയും ഫലമാണ്. കാനോനിക പ്രാർത്ഥനകൾക്കു പുറമെ രാത്രിയാമങ്ങൾ ഏകാന്ത പ്രാർത്ഥനയ്ക്കും ധ്യാനത്തിനും അദ്ദേഹം വിനിയോഗിച്ചു. ഈ യോഗീശ്വരന്റെ പ്രാർത്ഥനയും വ്രതാനുഷ്ഠാനങ്ങളും അദ്ദേഹത്തെ ഒരു ആത്മീയ സിദ്ധന്റെ പദവിയിലേക്കുയർത്തി. ഈ ഉന്നത മാതൃകയാണ് അദ്ദേഹത്തിന്റെ ശിഷ്യന്മാരായ വട്ടശ്ശേരിൽ മാർ ദിവന്നാസിയോസിലും ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവയിലും പ്രതിഫലിച്ചത്. ''നിഷ്ഠയില്ലാത്തവനായി ജീവിക്കുന്നതിനെക്കാൾ നിഷ്ഠയുള്ളവനായി മരിക്കുന്നതത്രേ എനിക്കിഷ്ടം എന്ന് അദ്ദേഹം പലപ്പോഴും പ്രസ്താവിച്ചിരുന്നു.

രണ്ടാമത് അദ്ദേഹം ഒരു കർമയോഗി ആയിരുന്നു. സാമൂഹിക നീതിക്കുവേണ്ടി അദ്ദേഹം നിലകൊണ്ടു തീണ്ടൽ, തൊടീൽ മുതലായ അയിത്താചാരങ്ങൾക്കെതിരെ ശബ്ദമുയർത്തി. അവശരെ ഉദ്ധരിക്കുന്നതിനും അന്ധവിശ്വാസങ്ങളിൽ കുടുങ്ങിക്കഴിയുന്നവരെ വിദ്യാഭ്യാസം നൽകി പ്രകാശധാരയിലേക്കു കൊണ്ടുവരുന്നതിനുംവേണ്ടി അദ്ദേഹം ആത്മാർത്ഥമായി പരിശ്രമിച്ചു. അതിനായി പല സ്കൂളുകളും സ്ഥാപിച്ചു. തെക്കും വടക്കും എന്നുള്ള സങ്കുചിത വീക്ഷണത്തിനതീതമായി ഒരു സാർവദേശീയ ദർശനം അദ്ദേഹം ആജീവനാന്തം പുലർത്തി. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ മേന്മയെ ഈ ക്രാന്തദർശി കാണുകയും അതിനുവേണ്ട പരിശ്രമങ്ങൾ നടത്തുകയും ചെയ്തു. അങ്ങനെയാണ് തുമ്പമൺ, തിരുവല്ല, കുന്നംകുളം, മുളന്തുരുത്തി മുതലായ സ്ഥലങ്ങളിൽ വിദ്യാലയങ്ങൾ ആരംഭിച്ചത്.

മൂന്നാമത് അതിശ്രേഷ്ഠനായ ഒരു അജപാലകനായി അദ്ദേഹം വർത്തിച്ചു. തുമ്പമൺ, നിരണം, കൊല്ലം എന്നീ മൂന്നു ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്താ ആയിരുന്ന അദ്ദേഹം, വളരെയേറെ സഞ്ചരിച്ച് തന്റെ ജനങ്ങളുമായി അടുത്ത ബന്ധം പുലർത്തി. ഇടവകകളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, നവീകരണോപദേശങ്ങളുടെ പ്രചണ്ഡവാദങ്ങൾക്കെതിരായി സത്യവിശ്വാസം പഠിപ്പിക്കുന്നതിനും അദ്ദേഹം അക്ഷീണം യത്നിച്ചു. തുമ്പമൺ പ്രദേശത്തു മസൂരിരോഗം കഠിനമായി ബാധിച്ച് ജനം വലഞ്ഞപ്പോൾ ഈ പിതാവ് അവിടെ താമസിച്ച് ഭവനങ്ങളിൽ കയറിയിറങ്ങി പ്രാർത്ഥനകൾ നത്തി. ജനങ്ങളെ സമാശ്വസിപ്പിക്കുകയും സമുദ്ധരിക്കുകയും ചെയ്തു.

മരുഭൂമിയിലെ സന്യാസിമാരെപ്പറ്റിയുള്ള ഒരു വിമർശനം, അവർ മറ്റു മനുഷ്യരിൽനിന്ന് അന്യപ്പെട്ടു ജീവിച്ചു എന്നുള്ളതായിരുന്നു. എന്നാൽ ഈ താപസവര്യൻ തപശ്ചര്യകളുമായി ദയറായിലോ, സെമിനാരിയിലോ കഴിഞ്ഞുകൂടുകയല്ലായിരുന്നു. അദ്ദേഹം തന്റെ നിഷ്ഠാജീവിതത്തിനു ഭംഗം വരുത്താതെ, ജനങ്ങളുമായി ഇടപഴകി, അവരുടെ വിയർപ്പ് ഒപ്പിയും, കണ്ണുനീർ തുടച്ചും വാത്സല്യനിധിയായ ഒരു പിതാവായി വർത്തിച്ചു. അദ്ദേഹത്തിന്റെ പ്രാർത്ഥനമൂലം വിവിധ തരത്തിലുള്ള അനുഗ്രഹങ്ങൾ ലഭിക്കുവാൻ ജനങ്ങൾക്കു സാധിച്ചു. രോഗസൗഖ്യം, പുത്രഭാഗ്യം, മാനസാന്തരം, ജീവിതനവീകരണം തുടങ്ങിയ കൃപകൾ പ്രാപിച്ചവരുടെ സാക്ഷ്യം, അദ്ദേഹത്തിന്റെ ജീവിതകാലത്തുതന്നെ അനവധി ആയിരുന്നു. മരണാനന്തരവും അദ്ദേഹത്തിന്റെ മധ്യസ്ഥത മുഖാന്തരം അനുഗ്രഹസിദ്ധികൾ തുടർന്നുകൊണ്ടേയിരിക്കുന്നു. ജാതിമത വ്യത്യാസങ്ങൾ ഒന്നുമില്ലാതെ ആ പരിശുദ്ധന്റെ കബറിടത്തിൽ അഭയം തേടുന്നവരുടെ സംഖ്യ ആരെയും ആശ്ചര്യപ്പെടുത്തുന്നതാണ്. രാവെന്നോ പകലെന്നോ വ്യത്യാസമില്ലാതെ ദിവസത്തിന്റെ ഏതു യാമത്തിൽ ചെന്നാലും ഭക്തജനങ്ങൾ അവിടെ പ്രാർത്ഥനയിൽ ജാഗരിക്കുന്നതു കാണാം.
യേശുക്രിസ്തുവിനോട് ഏറ്റവും അടുത്തു ജീവിച്ച്, ആത്മീയചൈതന്യം ആർജിച്ച ഈ പിതാവ് വിശുദ്ധിയുടെ ഉന്നതത്തിൽ വിരാജിച്ചു. അനിതരസാധാരണമായ ഒരു ആത്മീയസ്രോതസായി അദ്ദേഹം ഇന്നും വിശ്വാസികൾക്ക് അനുഭവപ്പെടുന്നു.

Source: manoramaonline.com

**www.pallibhagamyouth.com**